# Prime Minister participates at the online Summit of NAM Contact Group

May 04, 2020

---

## NAM കോൺടാക്ട് ഗ്രൂപ്പിന്റെ ഓൺലൈൻ ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുത്തു.

മെയ് 04, 2020

കോവിഡ്-19 പകർച്ചവ്യാധിയുടെ പ്രതികരണത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 2020 മെയ് 4 നു ഉച്ചയ്ക്ക് ശേഷം നടത്തിയ നോൺ അലൈൻഡ് മൂവ്മെന്റ്(NAM) കോൺടാക്ട് ഗ്രൂപ്പിന്റെ ഓൺലൈൻ ഉച്ചകോടിയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി പങ്കെടുത്തു.

NAM കോൺടാക്ട് ഗ്രൂപ്പിന്റെ ഉച്ചകോടി "കോവിഡ്-19 നെതിരെ ഒത്തുചേരുക" എന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരുന്നു, ഇതിന് NAM ന്റെ നിലവിലെ അധ്യക്ഷനായ, അസർഭായിജാൻ റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് ശ്രീ ഇഹാംഅലിയേവ് ആതിഥേയത്വം വഹിച്ചു.കോവിഡ്-19 നെതിരെയുള്ള അന്താരാഷ്ട്ര ഐക്യദാർഢ്യം പ്രോത്സാഹിപ്പിക്കുന്നതിനും പകർച്ചവ്യാധിയെ നേരിടുന്നതിനുള്ള രാജ്യങ്ങളുടെയും അന്താരാഷ്ട്ര സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ചലനാത്മകമാക്കുകയും ചെയ്യുന്നതാണ് ഉച്ചകോടിയുടെ ഉദ്ദേശ്യം. സമാധാനത്തിനായുള്ള ബഹുമുഖ നയതന്ത്ര അന്തരാഷ്ട്ര ദിനവും ചടങ്ങിലൂടെ അനുസ്മരിച്ചു.

ഒരു മുൻനിര സ്ഥാപകാംഗം എന്ന നിലയിൽ NAM ന്റെ തത്വങ്ങളോടും മൂല്യങ്ങളോടുമുള്ള ഇന്ത്യയുടെ നിലനിൽക്കുന്ന പ്രതിബദ്ധതയെ പ്രധാനമന്ത്രി മോദിയുടെ പങ്കാളിത്തം അടിവരയിട്ടു സൂചിപ്പിക്കുന്നു. അദ്ദേഹത്തിൻറ്റെ സംഭാഷണത്തിൽ ഈ പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിന് ലോകരാജ്യങ്ങൾക്കിടയിൽ ഏകോപിതവും സമഗ്രവും തുല്യവുമായ പ്രതികരണത്തിന്റെ പ്രാധാന്യം പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു, കൂടാതെ ആഭ്യന്തരവും അന്താരാഷ്ട്രപരവുമായി ഇന്ത്യ സ്വീകരിച്ച നടപടികൾ വിശദീകരിക്കുകയും പ്രസ്ഥാനത്തിന് സാധ്യമായ പിന്തുണയും ഐക്യദാർഢ്യവും ഉറപ്പു നൽകുകയും ചെയ്തു. തീവ്രവാദം, വ്യാജ വാർത്തകൾ എന്നിങ്ങനെയുള്ള വൈറസുകളോടും ലോകം പോരാടേണ്ടതിനെക്കുറിച്ചും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

മറ്റു സ്റാക്കാറുകളുടെയും സ്ഥാപനങ്ങളുടെയും മേധാവികളായ 30 പേർക്കൊപ്പമാണ് പ്രധാനമന്ത്രി മോഡി പങ്കെടുത്തത്, ഇതിൽ ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക, കരീബിയൻ , യൂറോപ്പ് എന്നിവിടങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടുന്നു. ഉച്ചകോടിയിൽ ഐക്യരാഷ്ട്ര സഭ ജനറൽ അസ്സംബ്ലി പ്രസിഡണ്ട് പ്രൊഫ:തിജ്ജാനി മുഹമ്മദ് ബന്ദെ, ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടരിസ്, ആഫ്രിക്കൻ യൂണിയൻ അധ്യക്ഷൻ മൂസാഫാഹിമഹമ്മത്, യൂറോപ്യൻ യൂണിയൻ ഉന്നതതല പ്രതിനിധി, കൂടാതെ

ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ ഡോ: റ്റെഡ്‌റോസ് ഗിബ്രിയേസസ് എന്നിവരും പങ്കെടുത്തു.

NAM നേതാക്കൾ മൊത്തത്തിലുള്ള കോവിഡ്-19 പ്രത്യാഘാതങ്ങളെ വിലയിരുത്തി, സാധ്യമായ പരിഹാരങ്ങൾക്ക് ആവശ്യമായ നടപടികൾ തിരിച്ചറിയുകയും പിന്തുടരുന്നതിനായി അക്രിയമായ പ്രവർത്തങ്ങൾ സ്വീകരിക്കുന്നതിന് ആഹ്വാനം ചെയ്യുകയും ചെയ്തു.ഉച്ചകോടിയ്ക്കു ശേഷം കോവിഡ്-19 നെതിരെ പോരാടുന്നതിനായി അന്താരാഷ്ട്ര ഐക്യത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന പ്രസ്താവന നടത്തി.കോവിഡ് -19 നോട് പൊരുതുന്നതിനു ആവശ്യമായ അടിസ്ഥാന, ചികിത്സ, സാമൂഹിക, മാനുഷിക ആവശ്യകതകൾ പ്രതിഫലിപ്പിക്കുന്ന ഒരു പൊതുവായ ഡാറ്റാബേസിന്റെ സഹായത്തോടെ അംഗമായ രാജ്യങ്ങളിലെ .ആവശ്യങ്ങൾ കണ്ടെത്തുന്നതിനുള്ള ഒരു 'ടാസ്ക് ഫോഴ്‌സ്' രൂപീകരിക്കുന്നതിനും നേതാക്കൾ ആഹ്വാനം ചെയ്തു.

**ന്യൂ ഡൽഹി**
**4 മെയ്, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.